അലോപ്പതി റൂറൽ ഡിസ്പെൻസറി

771 [1139] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പുളിമാത്തു പഞ്ചായത്തിലെ കൊടുവഴന്നൂർ എന്ന സ്ഥലത്തു ഒരു അലോപ്പതി റൂറൽ ഡിസ്പെൻസറി തുടങ്ങണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ചിരുന്ന നിവേദനത്തിൻമേൽ എന്തു നടപടി എടുത്തു എന്നു വ്യക്തമാക്കാമോ?

ഉത്തരം

നടപ്പു സാമ്പത്തിക വർഷത്തിൽ പുതിയ ഡിസ്പെൻസറികൾ തുടങ്ങാൻ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥലത്ത് ഡിസ്പെൻസറി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പുളിമാത്ത് പഞ്ചായത്തിന്റെ കൊടുവഴന്നൂരിൽ ഇപ്പോൾ ഒരു മാതൃ ശിശു സംരക്ഷണ കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ 10 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രിയും ഉണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ യാതൊരു ചികിൽസാ സൗകര്യങ്ങളും ഇല്ലാത്ത പഞ്ചായത്തുകൾക്കു മുൻഗണന നൽകണമെന്നാണ് സർക്കാരിന്റെ നയം.

ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ

772 [1140] ശ്രീ. പി. പി വി. മൂസ്സ:

ശ്രീ. കെ. പി. രാമൻ:

ശ്രീ. പി. എം. അബൂബേക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ഡി. എം. ഒ., എ. ഡി. എം. ഒ. എന്നീ തസ്തികകളിൽ ഓരോന്നിലും എത്ര പേരുണ്ട്;

(ബി) ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

| | | |
|---|---|---|
| ഡയറക്ടർ | 1 | |
| അഡീഷണൽ ഡയറക്ടർ | 3 | (രണ്ടു തസ്തിക ഒഴിവ്) |
| ഡെപ്യൂട്ടി ഡയറക്ടർ | 5 | |
| അസിസ്റ്റന്റ് ഡയറക്ടർ | 7 | (ഒരു തസ്തിക ഒഴിവ്) |
| ഡി. എം. ഒ. | 11 | |

LIBRARY ARCHIVES Kerala Legislative Assembly